| 07-10-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ബുദ്ധി അവിടേയും ഇവിടേയും അലയിക്കുന്നതിന് പകരം വീട്ടിൽ ബാബയെ ഓർമ്മിക്കൂ, ബുദ്ധിയെ ദൂരെ, ദൂരെ വരെ കൊണ്ടുപോകൂ - ഇതിനെത്തന്നെയാണ് ഓർമ്മയുടെ യാത്രയെന്ന് പറയുന്നത്.**

**ചോദ്യം** :- സത്യമായ ഹൃദയത്തോടെ ബാബയെ ഓർമ്മിക്കുന്നവരുടെ അടയാളം എന്താണ് ?
**ഉത്തരം** :- 1. സത്യമായ ഹൃദയത്തോടെ ഓർമ്മിക്കുന്ന കുട്ടികളിൽ നിന്ന് വികർമ്മം ഉണ്ടാകില്ല. ബാബയുടെ നിന്ദയുണ്ടാകുന്ന യാതൊരു കർമ്മവും അവർ ചെയ്യില്ല. അവരിൽ നല്ല ഗുണങ്ങൾ ഉണ്ടായിരിക്കും. 2. അവർ ആഹാരം കഴിക്കുന്ന സമയത്തും ഓർമ്മിക്കും. സമയത്ത് താനേ ഉറക്കമുണരും. അവർ വളരെ സഹനശീലരും മധുരമുള്ളവരുമായിരിക്കും. ബാബയിൽ നിന്ന് ഒരു കാര്യവും ഒളിച്ചു വെയ്ക്കില്ല.

**ഗീതം** :- നമ്മുടെ തീർത്ഥയാത്ര വ്യത്യസ്തമാണ്.........

**ഓംശാന്തി.** ബാബ കുട്ടികൾക്ക് മനസ്സിലാക്കിതരുന്നു. ചിലർ നിരാകാര പിതാവിനെ മനസ്സിലാക്കുന്നു ,ചിലർ സാകാര അച്ഛനെ മനസ്സിലാക്കുന്നു, ചിലർ മാതാ -പിതാവിനെ മനസ്സിലാക്കുന്നു. ഇവിടെ മാതാ-പിതാ മനസ്സിലാക്കി തരുന്നു അപ്പോൾ മാതാവും -പിതാവും വേറെ വേറെയാണ്. ഒരുപക്ഷേ നിരാകാരനാണ് മനസ്സിലാക്കിതരുന്നതെങ്കിൽ നിരാകാരൻ വേറെയാണ്, സാകാരൻ വേറെയാണ്. പക്ഷേ ഇതെല്ലാം മനസ്സിലാക്കി തരുന്നത് ബാബയാണ്. ഭൗതിക തീർത്ഥ യാത്രയും ,ആത്മീയ തീർത്ഥയാത്രയും നിങ്ങൾ കുട്ടികളാണ് അറിയുന്നത്. ആ ഭൗതീകമായ തീർത്ഥാടനം അരകല്പമായിട്ടുള്ളതാണ്,അഥവാ ജന്മ ജന്മാന്തരമായി ഇത് നടന്ന് വരികയാണ് എന്ന് പറഞ്ഞാൽ ഇത് ആരംഭം മുതൽ നടക്കുന്നതാണ്, അനാദിയാണ് എന്ന് വിചാരിക്കും. അങ്ങനെ അല്ല, അതുകൊണ്ടാണ് അരകല്പമായിട്ടുള്ളതാണ് എന്ന് പറയുന്നത്. ഇപ്പോൾ ബാബ വന്ന് ഈ തീർത്ഥാടനങ്ങളുടെ രഹസ്യം മനസ്സിലാക്കി തന്നു. മന്മനാഭവ! അർത്ഥം ആത്മീയ തീർത്ഥാടനം. തീർച്ചയായും ആത്മാക്കൾക്ക് തന്നെയാണ് മനസ്സിലാക്കി കൊടുക്കുന്നത് പിന്നെ മനസ്സിലാക്കി തരുന്നത് പരമപിതാവാണ്. മറ്റാർക്കും മനസ്സിലാക്കി തരുവാൻ സാധിക്കില്ല. ഓരോരുത്തരും അവരവരുടെ ധർമ്മ സ്ഥാപകരുടെ തീർത്ഥ സ്ഥാനങ്ങളിലേയ്ക്ക് യാത്ര പോകുന്നു. ഇതും അരകല്പത്തെ രീതിയും സമ്പ്രദായവുമാണ്. സർവ്വരും തീർത്ഥാടനങ്ങൾ നടത്തുന്നുണ്ട് പക്ഷേ അവർക്ക് ആർക്കും സത്ഗതി നല്കുവാൻ സാധിക്കില്ല. സ്വയം തന്നെ ഇടയ്ക്കിടയ്ക്ക് തീർത്ഥാടനങ്ങൾ നടത്താറുണ്ട്. അമർനാഥ്, ബദ്രീനാഥ് എന്നിവിടങ്ങളിൽ വർഷാവർഷം തീർത്ഥയാത്ര നടത്തി നാല് ധാമങ്ങളിലും പോകുന്നു. ഈ ആത്മീയ തീർത്ഥാടനം കേവലം നിങ്ങൾ തന്നെയാണ് അറിയുന്നത്. ആത്മീയ പരമപിതാവ് മനസ്സിലാക്കിത്തരുന്നു, മന്മനാഭവ! ഭൗതീക തീർത്ഥാടനങ്ങൾ സർവ്വതും ഉപേക്ഷിക്കൂ, എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ സത്യ സത്യമായ സ്വർഗ്ഗത്തിലേയ്ക്ക് എത്തിച്ചേരും. യാത്ര അർത്ഥം പോവുക, വരിക. അത് ഇപ്പോഴാണ് നടക്കുന്നത്. സത്യയുഗത്തിൽ ഈ യാത്രയൊന്നും ഉണ്ടായിരിക്കില്ല. നിങ്ങൾ സദാ കാലത്തേയ്ക്ക് സ്വർഗ്ഗ ആശ്രമത്തിലേയ്ക്ക് പോകും. ഇവിടെ പേര് മാത്രമാണുള്ളത്. വാസ്തവത്തിൽ ഇവിടെ സ്വർഗ്ഗ ആശ്രമം ഉണ്ടാവുകയില്ല. സ്വർഗ്ഗാശ്രമം എന്ന് സത്യയുഗത്തിനെയാണ് പറയുന്നത്. നരകത്തിനെ ഇങ്ങനെ പറയുവാൻ സാധിക്കില്ല. നരകവാസികൾ നരകത്തിലും സ്വർഗ്ഗവാസികൾ സ്വർഗ്ഗത്തിലുമാണ് വസിക്കുന്നത്. ഇവിടെ ഭൗതീകമായ ആശ്രമത്തിൽ പോയിട്ട് തിരികെ വരുന്നു. ഇത് പരിധിയില്ലാത്ത അച്ഛനാണ് മനസ്സിലാക്കി തരുന്നത്. വാസ്തവത്തിൽ സത്യ സത്യമായ പരിധിയില്ലാത്ത ഗുരു ഒന്ന് തന്നെയാണ്. പരിധിയില്ലാത്ത അച്ഛനും ഒന്ന് തന്നെയാണ്. ആഗാഖാൻ ഗുരു എന്ന് പറയുന്നുണ്ടെങ്കിലും അവർ ഗുരുവൊന്നും തന്നെ അല്ല. സത്ഗതിദാതാവൊന്നും അല്ലല്ലോ. അഥവാ സത്ഗതിദാതാവായിരുന്നു എങ്കിൽ സ്വയം തന്നെ ഗതി സത്ഗതിയിലേയ്ക്ക് പോകുമായിരുന്നു. അവരെ ഗുരു എന്ന് പറയില്ല. പേര് മാത്രം വച്ചിരിക്കുന്നു. സത്ഗുരു അകാൽ എന്ന് സിക്ക് ധർമ്മത്തിലുള്ളവർ പറയുന്നുണ്ട്. വാസ്തവത്തിൽ സത്യമായ ശ്രീ അകാൽ ഒരേയൊരു പരമാത്മാവ് തന്നെയാണ് ആ പരമാത്മാവിനെ സത്ഗുരു എന്നും വിളിക്കുന്നു. ആ പരമാത്മാവ് തന്നെയാണ് സത്ഗതി നല്കുന്നവൻ, ഇസ്ലാമികൾക്കോ ബൗദ്ധികൾക്കോ ബ്രഹ്മാവിനോ നല്കുവാൻ സാധിക്കില്ല. എന്നാൽ ഗുരു ബ്രഹ്മാ, ഗുരു വിഷ്ണു എന്ന് പറയുന്നു. ബ്രഹ്മാവിനെ ഗുരു എന്ന് പറയാം വിഷ്ണുവിനോ ശങ്കരനോ ഗുരു ആകുവാൻ സാധിക്കില്ല. ഗുരു ബ്രഹ്മാവ് എന്ന പേര് പറയുന്നുണ്ട്. ഗുരു ബ്രഹ്മാവിനും ഗുരു ഉണ്ടായിരിക്കുമല്ലോ അല്ലേ. സത് ശ്രീ അകാലിന് മറ്റൊരു ഗുരു ഇല്ല. അത് ഒരേയൊരു സത്ഗുരു ആണ്. ആ ഒരാൾ അല്ലാതെ ആത്മീയ ജ്ഞാനം നല്കുന്ന മറ്റൊരു ഗുരുവോ തത്വചിന്തകനോ ഇല്ല. ബുദ്ധൻ തുടങ്ങിയവർ തനിക്ക് പിന്നാലെ സർവ്വരേയും കൊണ്ട് വരുന്നു. അവർക്ക് രജോ തമോയിലേയ്ക്ക്

വരിക തന്നെ വേണം. അവർ സത്ഗതിയ്ക്ക് വേണ്ടിയല്ല വരുന്നത്. ഒരേയൊരു സത്ഗതിദാതാവിന്റെ പേര് തന്നെയാണ് പ്രശസ്തമായിട്ടുള്ളത്, ആ പരമാത്മാവിനെ സർവ്വവ്യാപി എന്ന് പറയുന്നു. പിന്നെ ഗുരുക്കന്മാരുടെ അടുക്കൽ പോകേണ്ട ആവശ്യം എന്താണ്. നമ്മളും ഗുരുവാണ് നിങ്ങളും ഗുരുവാണ്, നമ്മളും ശിവനാണ് നിങ്ങളും ശിവനാണ് – ഇതിലൂടെ ആരുടേയും വയർ നിറയില്ല. ബാക്കി ശരി, പവിത്രമാണ് അതുകൊണ്ട് ബഹുമാനം ലഭിക്കുന്നു, സത്ഗതി നല്കുവാൻ സാധിക്കില്ല. അത് ഒരാൾ തന്നെയാണ്, ആ പരമാത്മാവിനെ തന്നെയാണ് സത്യ സത്യമായ ഗുരു എന്ന് പറയുന്നത്. അനേക പ്രകാരത്തിലെ ഗുരുക്കന്മാരുണ്ട് . പഠിപ്പിക്കുന്ന ഉസ്താദിനെയും ഗുരു എന്ന് വിളിക്കാറുണ്ട്. ഇതും ഉസ്താദാണ്. മായയോട് യുദ്ധം ചെയ്യാൻ പഠിപ്പിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ത്രികാലദർശി സ്ഥിതിയുടെ ജ്ഞാനമുണ്ട്, അതിലൂടെ നിങ്ങൾ ചക്രവർത്തിയാകുന്നു. സൃഷ്ടിയുടെ ചക്രത്തെ അറിയുന്നവർ തന്നെയാണ് ചക്രവർത്തി രാജാവാകുന്നത്. ഡ്രാമയുടെ ചക്രത്തെ അഥവാ കല്പ വൃക്ഷത്തിന്റെ ആദി മദ്ധ്യ അന്ത്യത്തിനെ അറിയുക, കാര്യം ഒന്ന് തന്നെയാണ്. ചക്രത്തിന്റെ അടയാളങ്ങൾ വളരെയധികം ശാസ്ത്രങ്ങളിൽ എഴുതിവെച്ചിട്ടുണ്ട്. ഫിലോസഫിയുടെ പുസ്തകങ്ങൾ വ്യത്യസ്തമാണ്. അനേക പ്രകാരത്തിലെ പുസ്തകങ്ങളുണ്ട്. ഇവിടെ നിങ്ങൾക്ക് പുസ്തകങ്ങളുടെ ആവശ്യമൊന്നും ഇല്ല. ബാബ എന്താണോ നിങ്ങളെ പഠിപ്പിക്കുന്നത് അത് മനസ്സിലാക്കണം. ബാബയുടെ സമ്പത്തിൽ കുട്ടികൾക്ക് അവകാശമുണ്ട്. എന്നാൽ സ്വർഗ്ഗത്തിൽ സർവ്വർക്കും ഒരുപോലെയുള്ള സമ്പത്ത് ആയിരിക്കില്ല. ബാബ എന്ന് വിളിക്കുകയും, അല്പമെങ്കിലും ജ്ഞാനം കേട്ടും എങ്കിൽ അവർ അവകാശികളായിത്തീരുന്നു. പക്ഷേ നമ്പർവാർ .വിശ്വത്തിന്റെ മഹാരാജാവ് എവിടെയിരിക്കുന്നു പ്രജകളായ ദാസ ദാസികൾ എവിടെയിരിക്കുന്നു. മുഴുവൻ രാജധാനിയും സ്ഥാപിച്ച് കൊണ്ടിരിക്കുകയാണ്. ബാബയുടേത് ആകുന്നതിലൂടെ തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നു. സമ്പത്ത് അച്ഛനിൽ നിന്നുമാണ് ലഭിക്കുന്നത്. ദ്വാപരയുഗം മുതലാണ് മായയുടെ രാജ്യം ആരംഭിക്കുന്നത്. ഇത് രാവണന്റെ അഞ്ച് ചങ്ങലകളാണ്. അവിടെ ഇത് ഉണ്ടായിരിക്കില്ല. കൂടുതൽ ചർച്ച ചെയ്യേണ്ടതില്ല. അത് സമ്പൂർണ്ണ നിർവ്വികാരി ലോകമാണ്. കുട്ടികൾ ജനിക്കുന്നതും സിംഹാസനത്തിലിരിക്കുന്നതും കൊട്ടാരങ്ങളും മറ്റും ഉണ്ടാക്കുന്നതിന്റെയും രീതിയും സമ്പ്രദായവും ഉണ്ടായിരിക്കും – അത് തീർച്ചയായും നല്ലത് തന്നെയായിരിക്കും കാരണം സ്വർഗ്ഗമാണ്.

ബാബ മനസ്സിലാക്കിത്തരുന്നു – കുട്ടികളേ, ഈ ആത്മീയ യാത്രയിൽ നിങ്ങൾ നിരന്തരം ബുദ്ധിയോഗം അർപ്പിക്കൂ. ഇത് വളരെ സഹജമാണ്. ഭക്തിമാർഗ്ഗത്തിലും രാവിലെ എഴുന്നേൽക്കുന്നു. ജ്ഞാനമാർഗ്ഗത്തിലും രാവിലെ എഴുന്നേററ് ബാബയെ ഓർമ്മിക്കൂ അല്ലാതെ ഇവിടെ പുസ്തകം വായിക്കേണ്ട യാതൊരാവശ്യവുമില്ല. ബാബ പറയുന്നു – കേവലം നിങ്ങൾ ബാബയെ ഓർമ്മിക്കൂ എന്തുകൊണ്ടെന്നാൽ ഇപ്പോൾ ചെറിയവരുടേയും വലിയവരുടേയും എല്ലാവരുടേയും മരണം മുന്നിൽ നിൽക്കുകയാണ്. മരണ സമയത്ത് പറയുന്നുണ്ടല്ലോ ഭഗവാനെ ഓർമ്മിക്കൂ. അന്തിമ സമയത്ത് ഭഗവാനെ ഓർമ്മിക്കുന്നില്ലായെങ്കിൽ സ്വർഗ്ഗത്തിൽ വരുവാൻ കഴിയില്ല. അതിനാൽ ബാബയും പറയുന്നു – മൻമനാ ഭവ: ഈ ദേഹത്തെപോലും ഓർമ്മിക്കരുത്. നമ്മൾ ആത്മാവ് അഭിനേതാവാണ്, ശിവബാബയുടെ സന്താനമാണ്. നിരന്തരം ഓർമ്മയിൽ ഇരിക്കണം. സാധാരണ കൊച്ചുകുട്ടികളോട് ഭഗവാനെ ഓർമ്മിക്കുവാൻ പറയാറില്ല. പക്ഷേ ഇവിടെ എല്ലാവരോടും പറയുന്നു എന്തുകൊണ്ടെന്നാൽ എല്ലാവർക്കും ബാബയുടെ അടുത്ത് പോകണം. ബാബയുമായി ബുദ്ധിയോഗം വെയ്ക്കണം. ആരുമായും നിങ്ങൾ ലഹള, വഴക്ക് കൂടരുത്. ഇത് വളരെ നഷ്ടമുണ്ടാക്കുന്നു. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാലും കേട്ടിട്ടും കേൾക്കാതിരിക്കണം. എതിർക്കുന്നുവെങ്കിൽ വഴക്കായി മാറും. ഓരോ കാര്യത്തിലും സഹനശീലരാകണം, ബാബ അച്ഛനും ,ധർമ്മരാജനുമാണെന്നും മനസ്സിലാക്കണം. എന്തെങ്കിലും കാര്യമുണ്ടെങ്കിൽ നിങ്ങൾ ബാബയ്ക്ക് റിപ്പോർട്ട് നൽകൂ. പിന്നീട് ധർമ്മരാജന്റെ അടുത്ത് പോകുമ്പോൾ ശിക്ഷയും അനുഭവിക്കേണ്ടിവരും. ബാബ പറയുന്നു ബാബ സുഖം നൽകുന്നു, ധർമ്മരാജൻ ദു:ഖം അർത്ഥം ശിക്ഷ നൽകുന്നു. ബാബയ്ക്ക് ശിക്ഷ നൽകുവാനുള്ള അധികാരം ഇല്ല. ബാബയെ കേൾപ്പിക്കൂ, ശിക്ഷ ധർമ്മരാജൻ നൽകും. ബാബയെ കേൾപ്പിക്കുന്നതിലൂടെ ലൈററാകും എന്തുകൊണ്ടെന്നാൽ ഇദ്ദേഹം വലംകൈയ്യാണല്ലോ. സത്ഗുരുവിനെ നിന്ദിക്കുന്നവർ ഉയർന്ന പദവി നേടില്ല. ആരുടെ ദോഷമാണെന്ന തീരുമാനം ധർമ്മരാജൻ എടുക്കുന്നു. ധർമ്മരാജനിൽ നിന്നും ഒന്നും ഒളിക്കുവാൻ കഴിയില്ല. ഡ്രാമയനുസരിച്ച് തെററ് സംഭവിച്ചു , കല്പം മുൻപും അങ്ങനെയായിരുന്നു. അതിനർത്ഥം തെററ് ചെയ്തുകൊണ്ടിരിക്കണം എന്നല്ല, അങ്ങനെയെങ്കിൽ തെററ് ചെയ്യാത്തവരായി എങ്ങനെയാകും? തെററ് സംഭവിക്കുന്നുവെങ്കിൽ ക്ഷമ ചോദിക്കണം. ബംഗാളിൽ ആരുടെയെങ്കിലും ദേഹത്ത് കാലു തട്ടിപ്പോയാൽ ഉടൻ ക്ഷമ ചോദിക്കുന്നു. ഇവിടെ നോക്കൂ പരസ്പരം എത്രമാത്രം നിന്ദ ചെയ്യുന്നു. മാനേഴ്സ് വളരെ നല്ലതായിരിക്കണം. ബാബ നല്ല രീതിയിൽ പഠിപ്പിക്കുന്നു, പക്ഷേ മനസ്സിലാക്കുന്നില്ല. അതിനാൽ മനസ്സിലാക്കിതരുകയാണ് ഇവരുടെ റെജിസ്റ്റർ മോശമാണ്. നിന്ദ ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ പദവി ഭ്രഷ്ടമാകും. ജന്മ – ജന്മാന്തരത്തെ വികർമ്മത്തിന്റെ ഭാരം

വളരെ ഉണ്ട്. അതിന് ശിക്ഷ അനുഭവിക്കുക തന്നെ വേണം. പിന്നീട് ഇവിടെ ഇരുന്നും വികർമ്മം ചെയ്യുന്നുവെങ്കിൽ അതിന് 100 മടങ്ങ് ലഭിക്കും. ശിക്ഷ അനുഭവിക്കുക തന്നെവേണം. ഉദാഹരണത്തിന് ബാബ കാശി കൽവട്ടിന്റെ കാര്യം മനസ്സിലാക്കി തരുന്നു. പക്ഷേ അത് ഭക്തി മാർഗ്ഗം. ഇത് ജ്ഞാന മാർഗ്ഗത്തിന്റെ കാര്യമാണ്. ഒന്ന് ആദ്യമേയുള്ള വികർമ്മം, രണ്ടാമത് ഈ സമയം ഏത് വികർമ്മം ചെയ്യുന്നുവോ അതിന്റെ ശിക്ഷ 100 മടങ്ങ് ഉണ്ടാകുന്നു. എങ്കിൽ വളരെ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരുന്നു. ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കി തരുന്നു. യാതൊരു പാപവും ചെയ്യരുത്, നഷ്ടോമോഹയാകൂ. എത്ര പരിശ്രമത്തിന്റെ കാര്യമാണ്. ഈ മമ്മ –ബാബയെ പോലും ഓർമ്മിക്കരുത്. ഈ ബ്രഹ്മാബാബയെ ഓർമ്മിക്കുന്നതിലൂടെ സമ്പാദ്യം ഉണ്ടാകുന്നില്ല. ഇദ്ദേഹത്തിൽ ശിവബാബ വരുന്നു, എങ്കിലും ഓർമ്മിക്കേണ്ടത് ശിവബാബയെ തന്നെയാണ്. ഇദ്ദേഹത്തിൽ ശിവബാബ ഉണ്ട് അതിനാൽ അദ്ദേഹത്തെ ഓർമ്മിക്കണം എന്നല്ല. ശിവബാബയെ അവിടെ ഓർമ്മിക്കണം. ശിവബാബയേയും, മധുരമായ വീടിനേയും ഓർമ്മിക്കണം. ജിന്നിനെപോലെ ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം– ശിവബാബ അവിടെ പരംധാമിൽ വസിക്കുന്നു, ശിവബാബ ഇവിടെ വന്ന് കേൾപ്പിക്കുന്നു പക്ഷേ നമുക്ക് ബാബയെ അവിടെ ഓർമ്മിക്കണം. ഇവിടെ അല്ല. ബുദ്ധി ദൂരെവരെ പോകണം. ഇവിടെ അല്ല. ഈ ശിവബാബ തിരിച്ചുപോകും. ശിവബാബ ഈ ഒന്നിൽ മാത്രമാണ് വരുന്നത്. മമ്മയിൽ ശിവബാബയെ കാണുവാൻ കഴിയില്ല. നിങ്ങൾ അറിയുന്നുണ്ട് ഇത് ശിവബാബയുടെ രഥമാണ് പക്ഷേ നിങ്ങൾ ഈ ബ്രഹ്മാവിന്റെ മുഖം നോക്കരുത്. ബുദ്ധി അവിടെ ഉറപ്പിക്കണം. ഇവിടെ ബുദ്ധി വയ്ക്കുന്നതിലൂടെ ഇത്രയും സന്തോഷം ഉണ്ടാകില്ല. ഇതിനെ ഒരിക്കലും യാത്രയെന്ന് പറയില്ല, യാത്ര അവിടെയാണ്. ഈ ബ്രഹ്മാവിനെ തന്നെനോക്കിയിരിക്കാം എന്തുകൊണ്ടെന്നാൽ ഇദ്ദേഹത്തിൽ ശിവബാബയുണ്ട്, അങ്ങനെയല്ല. എങ്കിൽ മുകളിൽ പോകുന്നതിന്റെ ശീലം ഇല്ലാതാകും. ബാബ പറയുന്നു, കുട്ടികളെ ബാബയെ അവിടെ ഓർമ്മിക്കൂ , ബുദ്ധിയോഗം അവിടെ വെയ്ക്കൂ. പല വിഡ്ഢികളും ചിന്തിക്കുന്നു ഈ ബാബയെ ഇരുന്ന് നോക്കാം. ബുദ്ധിയെ മധുരമായ വീട്ടിൽ വെയ്ക്കൂ. ശിവബാബ സദാ ഈ രഥത്തിൽ ഇരിക്കുന്നില്ല. ഇവിടെ വന്ന് കേവലം സേവനം ചെയ്യുന്നു. സവാരി നടത്തി സേവനം ചെയ്ത് പിന്നീട് തിരിച്ചു പോകുന്നു. കാളപ്പുറത്ത് സദാ സവാരി നടത്തില്ല. അതിനാൽ ബുദ്ധി അവിടെ വെയ്ക്കണം. ബാബ വരുന്നു, മുരളി കേൾപ്പിക്കുന്നു തിരിച്ച് പോകുന്നു. ഈ ബ്രഹ്മാവ് പോലും ബുദ്ധി അവിടെ വെയ്ക്കുന്നു. വഴി തീർച്ചയായും മനസ്സിലാക്കിയിരിക്കണം. ഇല്ലായെങ്കിൽ ഇടയ്ക്കിടയ്ക്ക് പാളത്തിൽ നിന്നും താഴെ വീണുപോകും. ഇവിടെ കുറച്ച് സമയമേയുള്ളൂ. ഇതിൽ ശിവബാബ ഇല്ലായെങ്കിൽ എന്തിന് ഓർമിക്കണം? മുരളി ഈ ബ്രഹ്മാവും കേൾപ്പിക്കും , ഇദ്ദേഹത്തിൽ ചിലപ്പോൾ ഉണ്ട് ചിലപ്പോൾ ഇല്ല. ഇടയ്ക്ക് റെസ്റ്റ് എടുക്കുന്നു . നിങ്ങൾ അവിടെ ഓർമ്മിക്കൂ. ഡ്രാമയനുസരിച്ച് കല്പം മുൻപ് ഇന്നത്തെ ദിവസം ഏതൊരു മുരളിയാണോ കേൾപ്പിച്ചത് അത് പോയി കേൾപ്പിക്കും – ഇടയ്ക്ക് ,ഇടയ്ക്ക് ബാബയ്ക്കും ഈ ചിന്തയുണ്ട്. നിങ്ങളും പറയുന്നുണ്ടല്ലോ കല്പം മുൻപ് ബാബയിൽ നിന്ന് എത്ര സമ്പത്ത് എടുത്തുവോ അത്രയും എടുക്കും. ശിവബാബയുടെ പേര് തീർച്ചയായും പറയണം. പക്ഷേ ഒരാൾക്കും അങ്ങനെ തോന്നുന്നില്ല. ബാബയുടെ ഓർമ്മ തീർച്ചയായും വരണം. ബാബയുടെ പരിചയം കൊടുക്കണം. കേവലം ബ്രഹ്മാവിനെ നോക്കികൊണ്ടിരിക്കണമെന്നല്ല. ബാബ മനസ്സിലാക്കി തരുകയാണ് – ശിവബാബയെ ഓർമ്മിക്കൂ ഇല്ലായെങ്കിൽ പാപം ഉണ്ടാകും. നിരന്തരം ബാബയെ ഓർമ്മിക്കണം ഇല്ലായെങ്കിൽ വികർമ്മം വിനാശമാകില്ല. ഉയർന്ന ലക്ഷ്യമാണ്.ചിററമ്മയുടെ വീട്ടിൽ പോകുന്നത് പോലെ എളുപ്പമല്ല. ആഹാരം കഴിക്കുന്നതിനു മുൻപ് ഓർമ്മിച്ചു ,പിന്നീട് ഓർമ്മ ഇല്ലാതായി ,ആഹാരം കഴിക്കുന്നു. അങ്ങനെയല്ല, മുഴുവൻ സമയവും ഓർമ്മിക്കണം. പരിശ്രമം ഉണ്ട് ,വെറുതേയങ്ങ് ഉയർന്ന പദവി ലഭിക്കില്ല. അതിനാൽ തന്നെ നിങ്ങൾക്ക് കാണാം കോടിയിലും 8 രത്നമാണ് പാസാകുന്നത്. ലക്ഷ്യം വളരെ ഉയർന്നതാണ്. വിശ്വത്തിന്റെ അധികാരിയാകുക ഇത് ആരുടേയും ബുദ്ധിയിൽ ഇല്ല. ഈ ബ്രഹ്മാവിന്റെ ബുദ്ധിയിൽ പോലും ഉണ്ടായിരുന്നില്ല. ഇപ്പോൾ ചിന്തിക്കൂ 84 ജന്മം ആർക്ക് ലഭിക്കും ? തീർച്ചയായും ആരാണോ ആദ്യം വരുന്നത് അവരാണ് ലക്ഷ്മി – നാരായണൻ. ഇതെല്ലാം വിചാര സാഗര മഥനം ചെയ്യേണ്ട കാര്യമാണ്. ബാബ മനസ്സിലാക്കി തരുന്നു–അതായത് കൈ കൊണ്ട് കർമ്മം ചെയ്യൂ, മനസ്സ് കൊണ്ട് ബാബയെ ഓർമ്മിക്കൂ. ജോലിയും മററും ചെയ്യൂ പക്ഷേ നിരന്തരം ബാബയെ ഓർമ്മിക്കൂ. ഇതാണ് യാത്ര. തീർത്ഥ യാത്രക്ക് പോയിട്ട് വരേണ്ടതില്ല. വളരെ പേർ തീർത്ഥയാത്ര പോകുന്നു. ഇപ്പോൾ ആ സ്ഥാനം പോലും വളരെ മോശമായി. അങ്ങനെയല്ലായെങ്കിൽ തീർത്ഥ സ്ഥാനത്ത് ഒരിക്കലും വേശ്യാലയം പാടില്ല. ഇപ്പോൾ എത്രമാത്രം ഭ്രഷ്ടാചാരമാണ്. നാഥൻ ആരും തന്നെയില്ല. പെട്ടെന്ന് നിന്ദ ചെയ്യുന്നു. ഇന്ന് മുഖ്യമന്ത്രി, നാളെ അദ്ദേഹത്തെ പോലും താഴെ ഇറക്കുന്നു. എല്ലാവരും മായയുടെ കുട്ടികളായി മാറിയിരിക്കുന്നു. പൈസ സ്വരൂപിക്കുന്നു, കെട്ടിടം വെയ്ക്കുന്നു, ധനത്തിനു വേണ്ടി മോഷണം പോലും ചെയ്യുന്നു. നിങ്ങൾ ഇപ്പോൾ

സ്വർഗ്ഗത്തിൽ പോകുന്നതിന്റെ തയ്യാറെടുപ്പ് നടത്തുന്നു. ആ ഓർമ്മ തന്നെ വരണം. ധാരണയും വേണം. മുരളി എഴുതി പിന്നീട് ആവർത്തിക്കണം. ധാരാളം സമയം ഉണ്ട്. രാത്രിയിലും സമയം ഉണ്ട് . രാത്രിയിൽ ഉണരുന്നതിന്റെ ശീലം കൊണ്ടുവരണം. ആരാണോ സത്യ-സത്യമായ ബാബയെ ഓർമ്മിക്കുന്നത് അവരുടെ കണ്ണുകൾ സ്വതവേ തുറക്കും. ഇപ്പോൾ ഉറങ്ങുന്നതിനുപോലും പരിശ്രമിക്കേണ്ടിയിരിക്കുന്നു. സ്ഥൂലമായ കർമ്മം ചെയ്യുമ്പോൾ ശരീരത്തിന് ക്ഷീണം ഉണ്ടാകുന്നു. ബാബയുടെ രഥവും എത്ര പഴയതാണ്. ബാബ പതീത ലോകത്ത് വന്ന് എത്ര പരിശ്രമിക്കുന്നു. ഭക്തിമാർഗ്ഗത്തിലും പരിശ്രമിച്ചിരുന്നു ഇപ്പോഴും പരിശ്രമിക്കുന്നു. ശരീരവും പതീതം , ഈ ലോകവും പതീതം. ബാബ പറയുന്നു ബാബ അരകല്പം വളരെയധികം വിശ്രമിച്ചു. യാതൊരു ചിന്തയും ഉണ്ടായിരുന്നില്ല. ഭക്തിമാർഗ്ഗത്തിൽ വളരെയധികം ചിന്തിക്കുന്നു അതിനാലാണ്, അച്ഛനെ ദയാഹൃദയൻ എന്ന് മഹിമ പാടുന്നത് . ജ്ഞാന സാഗരൻ, ആനന്ദ സാഗരൻ എത്ര മഹിമ പാടുന്നു. അതേ അച്ഛൻ ഇപ്പോൾ നമ്മളെ പഠിപ്പിക്കുന്നു, വേറെയാർക്കും പഠിപ്പിക്കുവാൻ കഴിയില്ല. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1) ആരോടും എതിർക്കരുത്, ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ കേട്ടിട്ടും കേൾക്കാതിരിക്കണം. സഹനശീലരാകണം. സത്ഗുരുവിന്റെ നിന്ദ ചെയ്യിപ്പിക്കരുത്.

2) തന്റെ രജിസ്റ്റർ മോശമാകാൻ അനുവദിക്കരുത്. തെറ്റ് പറ്റിയാൽ ബാബയെ കേൾപ്പിച്ച് ക്ഷമ ചോദിക്കണം. അവിടെ(മുകളിൽ) ഓർമ്മിക്കുന്നതിന്റെ ശീലം കൊണ്ടുവരണം.

## വരദാനം:- സൈലൻസിന്റെ ശക്തിയിലൂടെ സമ്പാദ്യത്തിന്റെ കണക്ക് വർദ്ധിപ്പിക്കുന്ന ശ്രേഷ്ഠ പദവിയുടെ അധികാരിയായി ഭവിക്കട്ടെ.

വർത്തമാന സമയത്ത് സയൻസിന്റെ ശക്തിയുടെ പ്രഭാവം വളരെയുണ്ട്, അല്പകാലത്തേക്ക് പ്രാപ്തി ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നു, അതേപോലെ സൈലൻസിന്റെ ശക്തിയിലൂടെ സമ്പാദ്യത്തിന്റെ കണക്ക് വർദ്ധിപ്പിക്കൂ. ബാബയുടെ ദിവ്യ ദൃഷ്ടിയിലൂടെ സ്വയത്തിൽ ശക്തി സമാഹരിക്കൂ, അപ്പോൾ സമാഹരിച്ചത് സമയത്ത് മറ്റുള്ളവർക്ക് നൽകാൻ കഴിയും. ആരാണോ ദൃഷ്ടിയുടെ മഹത്വമറിഞ്ഞ് സൈലൻസിന്റെ ശക്തി സമാഹരിക്കുന്നത് അവർ തന്നെയാണ് ശ്രേഷ്ഠ പദവിക്ക് അർഹരാകുന്നത്. അവരുടെ മുഖത്ത് സന്തോഷത്തിന്റെ ആത്മീയ തിളക്കം കാണപ്പെടുന്നു.

## സ്ലോഗൻ:- സ്വയം സ്വയത്തോട് സ്വാഭാവികമായ അറ്റൻഷൻ ഉണ്ടെങ്കിൽ യാതൊരു വിധത്തിലുമുള്ള ടെൻഷൻ ഉണ്ടാകില്ല.